**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3408** | **14-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽ നിന്നും പാറത്തോട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്. എതെല്ലാം കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റണം എന്ന കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനം ആയിട്ടില്ല. |
| (ബി) | പ്രസ്തുത കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളെയും ഘട്ടംഘട്ടമായി ഈ പദ്ധതിയിൽ കൊണ്ടുവരുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ 14 കൃഷി ഭവനുകളെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതാണ്. കൂടാതെ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ 28 കൃഷിഭവനുകളെ തെരഞ്ഞെടുത്ത് സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ